**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1793** **13-02-2025 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ആർ.ടി.സി. ചീഫ് ഓഫീസിലെ നിയമനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ഉമ തോമസ്** | | **ശ്രീ കെ ബി ഗണേഷ് കുമാർ**<br>**(ഗതാഗത വകുപ്പ് മന്ത്രി)** | |
| (എ) | കെ.എസ്.ആർ.ടി.സി. ചീഫ് ഓഫീസിൽ എക്സിക്യൂട്ടീവ് ഡയറക്ടർ (അഡ്മിനിസ്ട്രേഷൻ, ഓപ്പറേഷൻ, ടെക്ക്നിക്കൽ, മെയിന്റനൻസ് & വർക്ക്സ്), ജനറൽ മാനേജർ, ഡെപ്യൂട്ടി ജനറൽ മാനേജർ, മാനേജർ (എം & ഡബ്ല്യൂ), എം.ഇ. ചീഫ് ഓഫീസ്, സി.പി.എസ്., എ.സി.പി.എസ്. എന്നീ തസ്തികകളിലേക്ക് നിയമനം നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; ഇത് സംബന്ധിച്ച് നിലവിലുള്ള ഉത്തരവുകൾ ലഭ്യമാക്കാമോ; | (എ) | <u>എക്സിക്യൂട്ടീവ് ഡയറക്ടർ നിയമനം</u>:<br><br>കെ.എസ്.ആർ.ടി.സി.യിൽ നാലാം സ്കെയിലിലെ ഓഫീസർമാർക്കാണ് എക്സിക്യൂട്ടീവ് ഡയറക്ടർ (അഡ്മിനിസ്ട്രേഷൻ, ഓപ്പറേഷൻസ് & ടെക്നിക്കൽ) തസ്തികയിലേക്ക് സീനിയോരിറ്റി പ്രകാരം നിഷ്കർഷിത യോഗ്യതകൾ പരിഗണിച്ച് ഭരണ സമിതി അംഗീകാരത്തോടെ സ്ഥാനക്കയറ്റം അനുവദിക്കുന്നത്.<br><br><u>എക്സിക്യൂട്ടീവ് ഡയറക്ടർ (മെയിന്റനൻസ് & വർക്സ്)</u>:<br><br>സ.ഉ.(സാധാ) നം. 477/2023/Trans തീയതി 04-11-2023 പ്രകാരം കെ.എസ്.ആർ.ടി.സി.യിൽ നിലവിലുണ്ടായിരുന്ന 3 സോണൽ എക്സിക്യൂട്ടീവ് ഡയറക്ടർ തസ്തികയും എക്സിക്യൂട്ടീവ് ഡയറക്ടർ (മെയിന്റനൻസ് & വർക്സ്) തസ്തികയും നിറുത്തലാക്കി 4 ജനറൽ മാനേജർ തസ്തികകൾ സൃഷ്ടിക്കുകയും 4 കെ.എ.എസ്. ഓഫീസർമാരെ നിയോഗിക്കുകയും ചെയ്തു. എന്നാൽ സ.ഉ. (സാധാ) നം. 1434/2024/GAD തീയതി 26-03-2024, സ.ഉ.(സാധാ) നം. 5073/2024/GAD തീയതി 16-11-2024 എന്നീ ഉത്തരവുകൾ പ്രകാരം പ്രസ്തുത ഓഫീസർമാരെ തിരികെ കേഡർ തസ്തികയിലേക്ക് വിട്ടുതൽ ചെയ്യുകയും ചെയ്തിട്ടുണ്ട്.<br><br><u>മാനേജർ (എം&ഡബ്ല്യൂ), മെക്കാനിക്കൽ എഞ്ചിനീയർ ചീഫ് ഓഫീസ്, സി.പി.എസ്., എ.സി.പി.എസ്.</u> തുടങ്ങിയ ഹയർ ഡിവിഷൻ തസ്തികകളിലേയ്ക്ക് ഫീഡർ തസ്തികകളിലെ സീനിയോരിറ്റി, തസ്തികയിലെ റെഗുലേഷൻ എന്നിവയെ അടിസ്ഥാനമാക്കി സ്ഥാനക്കയറ്റത്തിനു അനിവാര്യമായ യോഗ്യതകൾ നേടിയ, ഡി.പി.സി. തീരുമാന പ്രകാരം തിരഞ്ഞെടുക്കപ്പെട്ട ജീവനക്കാർക്ക് ആണ് സ്ഥാനക്കയറ്റം അനുവദിക്കുന്നത്.<br><br>കെ.എസ്.ആർ.ടി.സി.യിലെ പുനരുദ്ധാരണത്തിന്റെ ഭാഗമായി പ്രൊഫ.സുശീൽഖന്ന റിപ്പോർട്ടിന്റെ |

അടിസ്ഥാനത്തിൽ, കെ.എസ്.ആർ.ടി.സി.യിൽ ടോപ്പ് ലെവൽ മാനേജ്മെന്റിൽ പ്രൊഫഷണലിസം കൊണ്ടുവരുന്നതിന്റെ ഭാഗമായി, കരാർ / താൽക്കാലിക നിയമനങ്ങൾ കെ.എസ്.ആർ.ടി.സി.യിൽ നടത്തിയിട്ടുണ്ട്. ചുവടെ ചേർക്കുന്ന തസ്തികകൾ എല്ലാംതന്നെ താൽക്കാലിക അടിസ്ഥാനത്തിൽ സൃഷ്ടിച്ചിട്ടുണ്ട്.

| ക്രമ നമ്പർ | തസ്തിക | എണ്ണം |
| --- | --- | --- |
| 1 | General Manager (Finance& Administration) | 1 |
| 2 | General Manager (Technical) | 1 |
| 3 | Deputy General Manager (Finance& Administration) | 1 |
| 4 | Deputy General Manager (Operations) | 1 |
| 5 | Deputy General Manager (Technical) | 1 |

തുടർന്ന് 02.02.2021 തീയതിയിലെ സ.ഉ.(സാധാ) നം.50/2021/TRANS നമ്പർ ഉത്തരവ് പ്രകാരം ഡെപ്യൂട്ടി ജനറൽ മാനേജർ (ടെക്നിക്കൽ) എന്ന തസ്തികയെ ഡി.ജി.എം. (Marketing & Logistics) എന്നും, ഡി.ജി.എം. (F&A) എന്ന തസ്തികയെ DGM(IT) എന്നും Re-Designate ചെയ്തു ഉത്തരവായിട്ടുണ്ട്.

കൂടാതെ 03.09.2021-ലെ സ.ഉ.(സാധാ) നം. 295/2021/TRANS നമ്പർ ഉത്തരവ് പ്രകാരം ജനറൽ മാനേജർ (F&A) എന്ന തസ്തികയെ ജനറൽ മാനേജർ (ഫിനാൻസ്) ആയും Re-Designate ചെയ്തിട്ടുണ്ട്.

ടി തസ്തികകളിൽ സർക്കാർ നിശ്ചിത യോഗ്യതയും പ്രവൃത്തി പരിചയവും നിശ്ചയിച്ച് വിജ്ഞാപനം ക്ഷണിച്ച് കാലാകാലങ്ങളിൽ നിയമനം നടത്തിയിട്ടുണ്ട്.

ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധമായി ചേർക്കുന്നു.

(ബി) പ്രസ്തുത തസ്തികകളിൽ നിലവിൽ ജോലി ചെയ്യുന്നവരുടെ ഔദ്യോഗിക പദവികൾ വ്യക്തമാക്കാമോ;

(ബി) 1. എക്സിക്യൂട്ടീവ് ഡയറക്ടർ (അഡ്മിനിസ്ട്രേഷൻ)-ന്റെ ചുമതല നിലവിൽ ചെയർമാൻ & മാനേജിംഗ് ഡയറക്ടർ നേരിട്ട് നിർവ്വഹിക്കുന്നു.

2. എക്സിക്യൂട്ടീവ് ഡയറക്ടർ (ഓപ്പറേഷൻസ്) - ശ്രീ. ജി.പി. പ്രദീപ് കുമാർ

3. എക്സിക്യൂട്ടീവ് ഡയറക്ടർ (ടെക്നിക്കൽ)- ശ്രീ.എ. ഡേവിഡ്, വർക്ക്സ് മാനേജർ (അധിക ചുമതല)

| | | | |
|---|---|---|---|
| | | | 4. എക്സിക്യൂട്ടീവ് ഡയറക്ടർ (മെയിന്റനൻസ് & വർക്സ്) എന്ന തസ്തിക നിറുത്തലാക്കി.<br><br>5. മെക്കാനിക്കൽ എൻജിനീയർ ചീഫ് ഓഫീസ് - ശ്രീ.പി.എം. ദിൽഷാദ്, അസിസ്റ്റന്റ് വർക്സ് മാനേജർ. (അധിക ചുമതല)<br><br>6. കൺട്രോളർ ഓഫ് പർച്ചേസ് & സ്റ്റോർഴ്സ് - ശ്രീ. കെ.എം. വിനോദ് കുമാർ, അസിസ്റ്റന്റ് വർക്സ് മാനേജർ.<br><br>7. അസിസ്റ്റന്റ് കൺട്രോളർ ഓഫ് പർച്ചേസ് & സ്റ്റോർഴ്സ് (ജനറൽ) - ശ്രീ. ആർ. രഞ്ജിത്ത് കുമാർ, ഡിപ്പോ എൻജിനീയർ<br><br>8. അസിസ്റ്റന്റ് കൺട്രോളർ ഓഫ് പർച്ചേസ് & സ്റ്റോർഴ്സ് (എ) - ശ്രീ. ബോബി ജോർജ്, ഡിപ്പോ എൻജിനീയർ<br><br>9. അസിസ്റ്റന്റ് കൺട്രോളർ ഓഫ് പർച്ചേസ് & സ്റ്റോർഴ്സ് (1) - ശ്രീ. ബി.ബ്രിജ് ലാൽ, ഡിപ്പോ എൻജിനീയർ.<br><br>10. മാനേജർ (എം & ഡബ്ല്യു) - ശ്രീ.എസ്.ഷിബു, ഡിപ്പോ എഞ്ചിനീയർ.<br><br>കരാർ അടിസ്ഥാനത്തിൽ നിയമനം നടത്തിയ തസ്തികകളിൽ ജനറൽ മാനേജർ തസ്തികയിൽ നിലവിൽ ആരും തന്നെ സേവനം അനുഷ്ഠിക്കുന്നില്ല.<br><br>ഡെപ്യൂട്ടി ജനറൽ മാനേജർ തസ്തികയിൽ DGM(IT) - ശ്രീ. നിഷാന്ത് എസ്. നിലവിൽ സേവനം അനുഷ്ഠിക്കുന്നു. |
| (സി) | കെ.എസ്.ആർ.ടി.സി. ചീഫ് ഓഫീസിൽ ജോലി ചെയ്യുന്ന അസ്സിസ്റ്റന്റ് ഡിപ്പോ എൻജിനീയർമാരുടെ എണ്ണവും പേര് വിവരങ്ങളും ലഭ്യമാക്കാമോ; | (സി) | കെ.എസ്.ആർ.ടി.സി. ചീഫ് ഓഫീസിൽ 5 അസിസ്റ്റന്റ് ഡിപ്പോ എഞ്ചിനീയർമാർ ജോലി ചെയ്യുന്നുണ്ട്. അവരുടെ പേര് വിവരം ചുവടെ ചേർക്കുന്നു.<br><br>1. ശ്രീ. വിനീത് രാജ് ആർ.വി. (ചീഫ് സ്റ്റോർ, പാപ്പനംകോട്)<br><br>2. ശ്രീ. നിസ്താർ എൻ. (കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റിലേയ്ക്ക് വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ)<br><br>3. ശ്രീ. മനോഷ പി. രാജ്<br><br>4. ശ്രീ. അജിത്ത് കുമാർ എം. (തിരുവനന്തപുരം സെൻട്രൽ യൂണിറ്റിൽ നിന്നും വർക്കിംഗ് അറേഞ്ച്മെന്റ്)<br><br>5. ശ്രീ. നവീൻ എൻ.ഐ. (ഫ്യൂവൽ സെൽ, ചീഫ് ഓഫീസ്) |
| (ഡി) | ചീഫ് ഓഫീസിൽ എത്ര മെക്കാനിക്കൽ വിഭാഗം ഓഫീസർമാർ ജോലി ചെയ്യുന്നുണ്ടെന്നും അവർ ആരൊക്കെയാണെന്നും വ്യക്തമാക്കുമോ? | (ഡി) | ചീഫ് ഓഫീസിൽ ആകെ 12 എണ്ണം മെക്കാനിക്കൽ വിഭാഗം ഓഫീസർമാർ ഉണ്ട്.<br><br>എക്സിക്യൂട്ടീവ് ഡയറക്ടർ - 1 |

| | | | |
|---|---|---|---|
| | | | 1. ശ്രീ. ജി.പി. പ്രദീപ് കുമാർ<br>വർക്സ് മാനേജർ - 2<br>1. ശ്രീ. എ. ഡേവിഡ്<br>2. ശ്രീ. ഐസക് മാത്യു എം.<br>അസിസ്റ്റന്റ് വർക്സ് മാനേജർ - 3<br>1. ശ്രീ. സി.ബി. ജയകുമാർ<br>2. ശ്രീ. പി.എം. ദിൽഷാദ്<br>3. ശ്രീ. കെ.എം. വിനോദ് കുമാർ<br>ഡിപ്പോ എൻജിനീയർ - 6<br>1. ശ്രീ. ബോബി ജോർജ്<br>2. ശ്രീ. കെ. രഞ്ജിത് കുമാർ<br>3. ശ്രീ. ഉല്ലാസ് ബാബു<br>4. ശ്രീ. ബി. ബ്രിജ് ലാൽ<br>5. ശ്രീ. ആർ.എസ്. സലിം കുമാർ<br>6. ശ്രീ. എസ്. ഷിബു |

സെക്ഷൻ ഓഫീസർ

അനുബന്ധം

കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ

സംക്ഷിപ്തം

കെ.എസ്.ആർ.റ്റി.സി.യിൽ കരാർ അടിസ്ഥാനത്തിൽ ഡെപ്യൂട്ടി ജനറൽ മാനേജർ (ഫിനാൻസ് ആന്റ് അഡ്മിനിസ്ട്രേഷൻ) തസ്തികയിൽ താൽക്കാലിക നിയമനം നടത്തി ഉത്തരവാകുന്നത് -

---

ജനറൽ വിഭാഗം, ട്രാൻസ്പോർട്ട് ഭവൻ

നമ്പർ_1058/ജിഎൽ2/2017/ആർറ്റിസി.      തീയതി, തിരുവനന്തപുരം, 28-12-2017.

---

വായന:- 19-10-2017-ലെ G.O (Rt) No. 465/2017/Trans. നമ്പർ ഉത്തരവ്.

ഉത്തരവ്

കെ.എസ്.ആർ.റ്റി.സി.യിൽ ഡെപ്യൂട്ടി ജനറൽ മാനേജർ (ഫിനാൻസ് ആന്റ് അഡ്മിനിസ്ട്രേഷൻ) തസ്തികയിൽ മേൽ വായനയിലെ സർക്കാർ ഉത്തരവിൻ പ്രകാരം തിരഞ്ഞെടുക്കപ്പെട്ട ശ്രീ. ജി.അനിൽ കുമാറിനെ [Karthika, Pananthadikal, Pamkottukonam, Manchavilakam P.O, Thiruvananthapuram] സർക്കാർ അംഗീകാരത്തോടുകൂടിയുള്ള കരാറിലെ നിയമനവ്യവസ്ഥകൾക്കും ചുവടെ ചേർത്തിരിക്കുന്ന വ്യവസ്ഥകൾക്കും വിധേയമായി കോർപ്പറേഷനിൽ ഡെപ്യൂട്ടി ജനറൽ മാനേജർ (ഫിനാൻസ് ആന്റ് അഡ്മിനിസ്ട്രേഷൻ) തസ്തികയിൽ 27-12-2017 പൂർവ്വാഹ്നം മുതൽ കരാർ അടിസ്ഥാനത്തിൽ താൽക്കാലികമായി നിയമിച്ച് ഉത്തരവാകുന്നു.

1. നിയമന കാലാവധി നിയമന തീയതി മുതൽ മൂന്ന് (3) വർഷത്തേയ്ക്കാണ്.

2. പ്രതിമാസ മൊത്തവേതനം 1,00,000/- (ഒരു ലക്ഷം) രൂപ മാത്രം ലഭിക്കുന്നതാണ്. സർക്കാർ / കെ.എസ്.ആർ.റ്റി.സി. ഉദ്യോഗസ്ഥർക്ക് നിലവിൽ ലഭ്യമാകുന്നതും, കാലാകാലങ്ങളിൽ അനുവദിക്കപ്പെടുന്നതുമായ മറ്റു യാതൊരുവിധ ആനുകൂല്യങ്ങൾക്കും അർഹത ഉണ്ടായിരിക്കുന്നതല്ല.

3. കോർപ്പറേഷന്റെ സേവനങ്ങളിലേക്ക് പ്രവേശിക്കുന്നതിനുമുമ്പായി യോഗ്യതയും പ്രവൃത്തി പരിചയവും തെളിയിക്കുന്ന അസ്സൽ രേഖകൾ ചെയർമാൻ ആന്റ് മാനേജിംഗ് ഡയറക്ടർക്ക് മുമ്പിൽ ഹാജരാക്കേണ്ടതാണ്.

(തുടർച്ച...2)

Asst    AO

4. പ്രസ്തുത നിയമനം യാതൊരുകാരണവശാലും സ്ഥിരപ്പെടുത്തുന്നതല്ല. കൂടാതെ, ടിയാന് കെ.എസ്.ആർ.റ്റി.സി.യിൽ വിവിധ തസ്തികകളിൽ ഭാവിയിൽ ഉണ്ടായേക്കാവുന്ന സ്ഥിരമോ, താൽക്കാലികമോ ആയ ഒഴിവുകളിലെ നിയമനങ്ങളിലേക്ക് യാതൊരു മുൻഗണനയും അനുവദിക്കുന്നതുമല്ല.

5. ടി ഉദ്യോഗസ്ഥന്റെ പ്രവർത്തനവും പെരുമാറ്റവും തൃപ്തികരമല്ലെന്നുകണ്ടാൽ സേവനം അവസാനിപ്പിക്കുന്നതിന് കോർപ്പറേഷന് അധികാരം ഉണ്ടായിരിക്കും. ആയതിന് കോർപ്പറേഷന് യാതൊരുവിധ സാമ്പത്തികമോ അല്ലാത്തതോ ആയ ബാദ്ധ്യതയും ഉണ്ടായിരിക്കുന്നതല്ല.

ടിയാൻ ഫിനാൻഷ്യൽ അഡ്വൈസർ ആന്റ് ചീഫ് അക്കൗണ്ട്സ് ഓഫീസർ മുമ്പാകെ റിപ്പോർട്ട് ചെയ്യേണ്ടതാണ്.

ചെയർമാൻ ആന്റ് മാനേജിംഗ് ഡയറക്ടറുടെ ഉത്തരവിൻ പ്രകാരം

എക്സിക്യൂട്ടീവ് ഡയറക്ടർ (ഭരണം)

സ്വീകർത്താവ്

ശ്രീ. ജി. അനിൽ കുമാർ

Karthika, Pananthadikal, Pamkottukonam,
Manchavilakam P.O, Thiruvananthapuram.

പകർപ്പ്:- ഗവൺമെന്റ് സെക്രട്ടറി, ഗതാഗത (എ) വകുപ്പ്, സർക്കാർ സെക്രട്ടറിയേറ്റ്
ചീഫ് ഓഫീസിലെ എല്ലാ ഓഫീസർമാർക്കും, വിഭാഗങ്ങൾക്കും
എല്ലാ യൂണിറ്റ് ഓഫീസർമാർക്കും
ഫയൽ / കരുതൽ ഫയൽ

.asm/~

ASH

AO

File No.TRANS-A1/408/2017-TRANS

FA& CAO EDT EDV EDO EO KSRTC-CMDS OFFICE 14 JUN 2018 THIRUVANANTHAPURAM CLO ED M&W CE EDA

245

കേരള സർക്കാർ

സംഗ്രഹം

കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ - മാനേജ്മെന്റ് മെച്ചപ്പെടുത്തൽ - ജനറൽ മാനേജർ, ഡെപ്യൂട്ടി ജനറൽ മാനേജർ, ചാർട്ടേഡ് അക്കൗണ്ടന്റ് / കോസ്റ്റ് അക്കൗണ്ടന്റ് എന്നീ തസ്തികകളിൽ കരാർ അടിസ്ഥാനത്തിൽ നിയമനം നടത്തി - ഉത്തരവാകുന്നു.

---

ഗതാഗത (എ) വകുപ്പ്

സ.ഉ.(സാധാ) നം.267/2018/ഗതാഗതം തീയതി,തിരുവനന്തപുരം, 13/06/2018

---

പരാമർശം:- 1 G.O(Rt)No.302/2017/Trans dated 21.06.2017

2 G.O(Rt)No.329/2017/Trans dated 07.07.2017

3 G.O(Rt)No.429/2017/Trans dated 16.09.2017

4 G.O(Rt)No.465/2017/Trans dated 19.10.2017

5 സ.ഉ.(സാധാ)നം.77/2018/ഗതാഗതം തീയതി 22.02.2018

ഉത്തരവ്

കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷനിൽ മാനേജ്മെന്റ് മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ജനറൽ മാനേജർ, ഡെപ്യൂട്ടി ജനറൽ മാനേജർ, ചാർട്ടേഡ് അക്കൗണ്ടന്റ്/കോസ്റ്റ് അക്കൗണ്ടന്റ് എന്നീ തസ്തികകളിലേയ്ക്ക് പ്രൊഫഷണലുകളെ നിയമിക്കുന്നതിനായി പരാമർശം 1, 2 എന്നിവയിലെ സർക്കാർ ഉത്തരവുകൾ പ്രകാരം തീരുമാനിച്ചിരുന്നു. ചാർട്ടേഡ് അക്കൗണ്ടന്റ്/കോസ്റ്റ് അക്കൗണ്ടന്റ് എന്നീ തസ്തികകളിലേക്ക് നിയമനം നടത്തുന്നതിനായി അപേക്ഷ ക്ഷണിച്ചു കൊണ്ട് വിജ്ഞാപനം പുറപ്പെടുവിച്ച ശേഷം 29.08.2017 ന് സെലക്ഷൻ കമ്മിറ്റി അഭിമുഖം നടത്തുകയും പരാമർശം 3 ലെ സർക്കാർ ഉത്തരവ് പ്രകാരം ശ്രീ.പ്രൊമോദ്.കെ.ജി., ശ്രീ.ജോൺ കുര്യൻ എന്നിവരെ ടി തസ്തികയിൽ കരാർ അടിസ്ഥാനത്തിൽ നിയമിക്കുകയും ചെയ്തിരുന്നു. ജനറൽ മാനേജർ, ഡെപ്യൂട്ടി ജനറൽ മാനേജർ തസ്തികകളിലേക്ക് നിയമനം നടത്തുന്നതിനായി 20.09.2017 ന് സെലക്ഷൻ കമ്മിറ്റി അഭിമുഖം നടത്തുകയും പരാമർശം 4 ലെ സർക്കാർ ഉത്തരവ് പ്രകാരം ശ്രീ.അനിൽകുമാർ.ജി. യെ ഡെപ്യൂട്ടി ജനറൽ മാനേജർ (ഫിനാൻസ് &

AO Asst

അഡ്മിനിസ്ട്രേഷൻ) തസ്തികയിൽ കരാർ അടിസ്ഥാനത്തിൽ നിയമിച്ചിരുന്നു.

2. 29.08.2017, 20.09.2018 എന്നീ തീയതികളിൽ നടന്ന അഭിമുഖങ്ങളിൽ എല്ലാ തസ്തികളിലേയ്ക്കും യോഗ്യരായ ഉദ്യോഗാർത്ഥികളെ ലഭ്യമാകാത്തതിനെ തുടർന്ന്, വീണ്ടും അപേക്ഷ ക്ഷണിച്ചു കൊണ്ട് വിജ്ഞാപനം പുറപ്പെടുവിക്കുകയും 21.12.2017 ൽ സെലക്ഷൻ കമ്മിറ്റി അഭിമുഖം നടത്തുകയും പരാമർശം 5 ലെ സർക്കാർ ഉത്തരവ് പ്രകാരം ജനറൽ മാനേജർ (ടെക്നിക്കൽ) തസ്തികയിലേക്ക് ശ്രീ.വൈദ്യനാഥൻ സുബ്രഹ്മണി യെയും ചാർട്ടേഡ് അക്കൗണ്ടന്റ്/കോസ്റ്റ് അക്കൗണ്ടന്റ് തസ്തികയിലേക്ക് ശ്രീമതി.പി.ഇന്ദുമതി യെയും നിയമിക്കുകയും ചെയ്തിരുന്നു. എന്നാൽ ശ്രീ.വൈദ്യനാഥൻ സുബ്രഹ്മണി ജോലിയിൽ പ്രവേശിക്കാത്തതിനാൽ ജനറൽ മാനേജർ (ടെക്നിക്കൽ) തസ്തികയിൽ ഒഴിവ് വന്നു.

3. ശേഷിക്കുന്ന തസ്തികകളിൽ കരാർ അടിസ്ഥാനത്തിൽ നിയമനം നടത്തുന്നതിനായി അപേക്ഷ ക്ഷണിച്ചു കൊണ്ട് വീണ്ടും വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നു. 04.06.2018 ന് സെലക്ഷൻ കമ്മിറ്റി അഭിമുഖം നടത്തി, യോഗ്യരായ ഉദ്യോഗാർത്ഥികളെ വിവിധ തസ്തികകളിലേക്ക് ശിപാർശ ചെയ്തിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ചുവടേ ചേർത്തിട്ടുള്ള പട്ടികയിൽ പരാമർശിച്ചിട്ടുള്ള ഉദ്യോഗാർത്ഥികളെ അവരവരുടെ പേരിനു നേരെ ചേർത്തിട്ടുള്ള തസ്തികകളിൽ പരാമർശം 1, 2 എന്നീ സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥകൾക്കും, പട്ടികയുടെ ചുവടേ ചേർത്തിട്ടുള്ള വ്യവസ്ഥകൾക്കും വിധേയമായി, കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷനിൽ കരാർ അടിസ്ഥാനത്തിൽ താല്ക്കാലികമായി നിയമിച്ച് ഉത്തരവാകുന്നു.

| ക്രമ നമ്പർ | പേര് | വിലാസം | തസ്തിക |
|---|---|---|---|
| 1 | ശ്രീമതി.ആനന്ദകുമാരി.എസ് | ആനന്ദ ഭവൻ, അകംകുടി.പി.ഒ., നങ്ങ്യാർകുളങ്ങര, ആലപ്പുഴ. | ജനറൽ മാനേജർ (ഫിനാൻസ് & അഡ്മിനിസ്ട്രേഷൻ) |
| 2 | വിംഗ് കമാൻഡർ ബിജു.ബി | 41–എ, ബി–ലെയിൻ, സ്നേഹതീരം, തുറിവിക്കൽ (പോസ്റ്റ്), ഉള്ളൂർ, ആക്കുളം റോഡ്, തിരുവനന്തപുരം-695011. | ജനറൽ മാനേജർ (ടെക്നിക്കൽ) |

ASST

AO

247

| | | | |
|---|---|---|---|
| 3 | ശ്രീ.വേണുഗോപാൽ ജി. | പി.ആർ.എ 41-ഡി, ഗ്രീൻ ഹൈറ്റ്സ്, പുതുപ്പള്ളി ലെയിൻ, മെഡിക്കൽ കോളേജ്.പി.ഒ., തിരുവനന്തപുരം-11 | ഡെപ്യൂട്ടി ജനറൽ മാനേജർ (ഓപ്പറേഷൻസ്) |
| 4 | ശ്രീ.ഹസിബ്.കെ.പി. | കന്നപ്പള്ളിൽ (H); നടക്കൽ, ഈരാറ്റുപേട്ട, കോട്ടയം, കേരളം - 686121 | ഡെപ്യൂട്ടി ജനറൽ മാനേജർ (ടെക്നിക്കൽ) |
| 5 | ശ്രീമതി.രശ്മി പി.കുറുപ്പ് | MNRA B 57(1), നിർമ്മാല്യം കോർപ്പറേഷൻ സോണൽ ഓഫീസ് ലെയിൻ, കുടപ്പനക്കുന്ന്, മുക്കോലക്കൽ.പി.ഒ., തിരുവനന്തപുരം-695043. | ചാർട്ടേഡ് അക്കൗണ്ടന്റ് / കോസ്റ്റ് അക്കൗണ്ടന്റ് |

1. നിയമന കാലാവധി മൂന്നു വർഷം ആണ്.

2 . ജനറൽ മാനേജർ തസ്തികയിൽ 1,50,000/- രൂപയും (രൂപ ഒരു ലക്ഷത്തി അൻപതിനായിരം മാത്രം), ഡെപ്യൂട്ടി ജനറൽ മാനേജർ തസ്തികയിൽ 1,00,000/- രൂപയും (രൂപ ഒരു ലക്ഷം മാത്രം) ചാർട്ടേഡ്/കോസ്റ്റ് അക്കൗണ്ടന്റ് തസ്തികയിൽ 75,000/- രൂപയും (രൂപ എഴുപത്തിഅയ്യായിരം മാത്രം) ആയിരിക്കും പ്രതിമാസ മൊത്തവേതനം (Consolidated Pay). സർക്കാർ / കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ ഉദ്യോഗസ്ഥർക്ക് നിലവിൽ ലഭ്യമാകുന്നതും കാലാകാലങ്ങളിൽ അനുവദിക്കപ്പെടുന്നതുമായ മറ്റു യാതൊരു വിധ ആനുകൂല്യങ്ങൾക്കും ഇവർ അർഹരായിരിക്കില്ല.

3 . ഈ ഉത്തരവ് പ്രകാരം നിയമിക്കപ്പെടുന്നവർ ജോലിയിൽ പ്രവേശിക്കുന്നതിന് മുൻപായി, യോഗ്യതയും പ്രവൃത്തിപരിചയവും തെളിയിക്കുന്ന അസ്സൽ രേഖകൾ കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ ചെയർമാൻ & മാനേജിംഗ് ഡയറക്ടർക്കു മുന്നിൽ ഹാജരാക്കേണ്ടതാണ്.

4 . ഈ ഉത്തരവ് പ്രകാരം നിയമിക്കപ്പെടുന്നവർ, കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷനുമായി, നിയമന വ്യവസ്ഥകൾ സംബന്ധിച്ച കരാറിൽ ഏർപ്പെടേണ്ടതാണ്. പ്രസ്തുത കരാറിൽ ഏർപ്പെടുന്നതിന് മാനേജിംഗ് ഡയറക്ടറെ ചുമതലപ്പെടുത്തുന്നു.

5 . പ്രസ്തുത നിയമനങ്ങൾ യാതൊരു കാരണവശാലും സ്ഥിരപ്പെടുത്തുന്നതല്ല.

AO Asst

കൂടാതെ ഇവർക്ക് കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പ്പോർട്ട് കോർപ്പറേഷനിൽ വിവിധ തസ്തികകളിൽ ഭാവിയിൽ ഉണ്ടായേക്കാവുന്ന സ്ഥിരമോ താല്ക്കാലികമോ ആയ ഒഴിവുകളിലേയ്ക്കുള്ള നിയമനത്തിന് യാതൊരു മുൻഗണനയും അനുവദിക്കുന്നതല്ല.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
കെ.ആര്.ജ്യോതിലാല്
പ്രിന്സിപ്പല് സെക്രട്ടറി

ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പ്പോർട്ട് കോർപ്പറേഷൻ, തിരുവനന്തപുരം.
ശ്രീമതി.ആനന്ദകുമാരി.എസ്, ആനന്ദ ഭവൻ, അകംകുടി.പി.ഒ., നങ്ങ്യാർകുളങ്ങര, ആലപ്പുഴ.
വിംഗ് കമാൻഡർ ബിജു.ബി, 41-എ, ബി-ലെയിൻ, സ്നേഹതീരം, ഉറുവിക്കൽ (പോസ്റ്റ്), ഉള്ളൂർ, ആക്കുളം റോഡ്, തിരുവനന്തപുരം-695011.
ശ്രീ.വേണുഗോപാൽ ജി., പി.ആർ.എ 41-ഡി, ഗ്രീൻ ഹൈറ്റ്സ്, പുതുപ്പള്ളി ലെയിൻ, മെഡിക്കൽ കോളേജ്.പി.ഒ., തിരുവനന്തപുരം-11.
ശ്രീ.ഹസിബ്.കെ.പി., കുന്നപ്പള്ളിൽ (H), നടക്കൽ, ഈരാറ്റുപേട്ട, കോട്ടയം, കേരളം - 686121
ശ്രീമതി.രശ്മി പി.കുറുപ്പ്, MNRA B 57(1), നിർമ്മാല്യം കോർപ്പറേഷൻ സോണൽ ഓഫീസ് ലെയിൻ, കുടപ്പനക്കുന്ന്, മുക്കോലയ്ക്കൽ.പി.ഒ., തിരുവനന്തപുരം-695043.
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് / എ&ഇ), കേരളം, തിരുവനന്തപുരം.
വിവരപൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ് (ഔദ്യോഗിക വെബസൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

പകർപ്പ് : ഗതാഗത വകുപ്പ് മന്ത്രിയുടെ പി.എസ്.
ഗതാഗത വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by [illegible]YCHEN THOMAS
Date: 2018.06.[illegible]4:07:36 IST
Reason: Approved
സെക്ഷൻ ഓഫീസർ

File No.TRANS-A1/186/2020-TRANS

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ - ജനറൽ മാനേജർ/ഡെപ്യൂട്ടി ജനറൽ മാനേജർ (ഐ.ടി.)/ ഡെപ്യൂട്ടി ജനറൽ മാനേജർ ( മാർക്കറ്റിംഗ് & ലോജിസ്റ്റിക്സ്) തസ്തികകളിൽ കരാർ അടിസ്ഥാനത്തിൽ നിയമനം - ഭേദഗതി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗതാഗത (എ) വകുപ്പ്

G.O.(Rt)No.113/2021/TRANS തീയതി,തിരുവനന്തപുരം, 12/03/2021

പരാമർശം:- 1 സ.ഉ.(സാധാ)നം.95/2021/ഗതാ തീയതി 25.02.2021

ഉത്തരവ്

കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ (കെ.എസ്.ആർ.ടി.സി.)യിൽ കരാർ അടിസ്ഥാനത്തിൽ ജനറൽ മാനേജർ (ടെക്നിക്കൽ), ഡെപ്യൂട്ടി ജനറൽ മാനേജർ (ഐ.ടി), ഡെപ്യൂട്ടി ജനറൽ മാനേജർ (മാർക്കറ്റിംഗ് & ലോജിസ്റ്റിക്സ്) തസ്തികകളിലേയ്ക്കുള്ള താല്ക്കാലിക നിയമനത്തിനായി 22.02.2021-ന് സെലക്ഷൻ കമ്മിറ്റി അഭിമുഖം നടത്തി സമർപ്പിച്ച റാങ്ക് ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ നിയമനത്തിന് പരിഗണിക്കാനായി ചുവടെ ചേർത്തിട്ടുള്ള ഉദ്യോഗാർത്ഥികളെ തെരഞ്ഞെടുത്തിരുന്നു:

| ക്രമ നമ്പർ | തസ്തിക | പേര് |
|---|---|---|
| 1 | ജനറൽമാനേജർ (ടെക്നിക്കൽ) | ശ്രീ.കെ.എ.സന്തോഷ് കുമാർ,മൈനാകം,36 ബി,വൈദ്യശാല നഗർആശ്രാമം പി.ഒ,കൊല്ലം |
| 2 | ഡെപ്യൂട്ടിജനറൽമാനേജർ (ഐ.ടി) | 1.ശ്രീ.മുരളീകൃഷ്ണൻ ആർ,33,രാഗം,ഉള്ളൂർലെയ്ൻ, ഡി.പി.ഐ, തിരുവനന്തപുരം<br>2.ശ്രീ.കിഴക്കേ വീട്ടിൽ നിധീഷ് കല്ലുവിള,കരിയം,ശ്രീകാര്യം പി.ഒ<br>3.ശ്രീ.എം.ഷാജു,39,സ്വരാഗ്,എൽ.എം.എസ് നഗർ,നിയർ സി.എസ്.ഐ. ചർച്ച്, മുട്ടട പി.ഒ. |

2.ഡെപ്യൂട്ടി ജനറൽമാനേജർ (മാർക്കറ്റിംഗ് & ലോജിസ്റ്റിക്സ്) തസ്തികയിൽ യോഗ്യതയുള്ളവരെ കണ്ടെത്താൻ കഴിയാത്തതിനാൽ ആരെയും തെരഞ്ഞെടുത്തിരുന്നില്ല.

3.പരാമർശ ഉത്തരവിലെ രണ്ട് തസ്തികകളിലും ഒന്നാം റാങ്ക് ലഭിച്ചവരെ മാത്രമാണ് ഉൾപ്പെടുത്തിയിരുന്നത്. സെലക്ട് കമ്മിറ്റി തയ്യാറാക്കിയ റാങ്ക് ലിസ്റ്റ് പ്രകാരം ഡെപ്യൂട്ടി ജനറൽ മാനേജർ (ഐ.ടി) തസ്തികയിൽ മൂന്നുപേർ ഉൾപ്പെട്ടിരുന്നതിനാൽ പരാമർശ ഉത്തരവിലെ ഖണ്ഡിക 2 ലെ പ്രസക്തഭാഗം ചുവടെചേർക്കും പ്രകാരം ഭേദഗതിചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു:

File No.TRANS-A1/186/2020-TRANS

| തസ്തിക | പേര് |
|---|---|
| ഡെപ്യൂട്ടിജനറൽമാനേജർ (ഐ.ടി) | 1.ശ്രീ.മുരളീകൃഷ്ണൻ ആർ,33,രാഗം,ഉള്ളൂർലെയ്ൻ, ഡി.പി.ഐ, തിരുവനന്തപുരം<br>2.ശ്രീ.കിഴക്കേ വീട്ടിൽ നിധീഷ് കല്ലുവിള,കരിയം,ശ്രീകാര്യം പി.ഒ<br>3.ശ്രീ.എം.ഷാജ്ജ,39,സ്വരാഗ്,എൽ.എം.എസ് നഗർ,നിയർ സി.എസ്.ഐ. ചർച്ച്, മുട്ടട പിഒ |

3. മേൽ ഭേദഗതിയോടെ പരാമർശം 1 -ലെ ഉത്തരവ് നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
BIJU PRABHAKAR
SECRETARY

ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ, തിരുവനന്തപുരം
ശ്രീ.കെ.എ.സന്തോഷ് കുമാർ,മൈനാകം,36ബി,വൈദ്യശാല നഗർആശ്രാമം പിഒ,കൊല്ലം-691002
ശ്രീ.മുരളീകൃഷ്ണൻ ആർ,33,രാഗം,ഉള്ളൂർലെയ്ൻ, ഡി.പി.ഐ, തിരുവനന്തപുരം- 14
ശ്രീ.കിഴക്കേ വീട്ടിൽ നിധീഷ് കല്ലുവിള,കരിയം,ശ്രീകാര്യം പി.ഒതിരുവനന്തപുരം
ശ്രീ.എം.ഷാജ്ജ,39,സ്വരാഗ്,എൽ.എം.എസ് നഗർ,നിയർ സി.എസ്.ഐ. ചർച്ച്, മുട്ടട പിഒ- 695025
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് / എ&ഇ), കേരളം, തിരുവനന്തപുരം
ധനകാര്യ വകുപ്പ്
വിവരപൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
(ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ / ഓഫീസ് കോപ്പി
പകർപ്പ് : ഗതാഗത വകുപ്പ് മന്ത്രിയുടെ പി.എസ്.
ഗതാഗത വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.
ഗതാഗത വകുപ്പ് സെക്രട്ടറിയുടെ പി.എ.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

സ.ഉ.(സാധാ) ... /2022/TRANS

"ഭരണഭാഷ- മാതൃഭാഷ"

EDA KSRTC
Issue appointment order in the approved format
24/2

കേരള സർക്കാർ

<u>സംഗ്രഹം</u>

കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ - ജനറൽ മാനേജർ (ടെക്നിക്കൽ) തസ്തികയിൽ കരാർ അടിസ്ഥാനത്തിൽ നിയമനം നടത്തിക്കൊണ്ട് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഗതാഗത (എ) വകുപ്പ്

സ.ഉ.(സാധാ) നം.84/2022/TRANS തീയതി,തിരുവനന്തപുരം, 24-02-2022

---

പരാമർശം:- 1. G.O(Rt)No.302/2017/Trans dated 21.06.2017

2. G.O(Rt)No.329/2017/Trans dated 07.07.2017

3 G.O(Rt)No.50/2021/Trans dated 02.02.2021

4 കെ.എസ്.ആർ.ടി.സി. ചെയർമാൻ & മാനേജിംഗ് ഡയറക്ടറുടെ 1058/GL2/2017/RTC(B) തീയതി 31.01.2022

5. 19.02.2022-ന് ചേർന്ന സെലക്ഷൻ കമ്മിറ്റിയുടെ യോഗനടപടിക്കുറിപ്പ്

<u>ഉത്തരവ്</u>

കെ.എസ്.ആർ.ടി.സി. ജനറൽ മാനേജർ (ടെക്നിക്കൽ) തസ്തികയിൽ നിലവിലെ ഒഴിവിൽ കരാർ അടിസ്ഥാനത്തിൽ നിയമനം നടത്തുന്നതിനായി സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്പ്മെന്റ് (സി.എം.ഡി.) മുഖേന അപേക്ഷ ക്ഷണിക്കുകയും ലഭ്യമായ അപേക്ഷകൾ സൂക്ഷ്മപരിശോധന നടത്തി നിശ്ചിത യോഗ്യതനേടിയ ഉദ്യോഗാർത്ഥിയെ 19.02.2022-ന് കൂടിയ സെലക്ഷൻ കമ്മിറ്റി അഭിമുഖം നടത്തുകയും ചെയ്തിരുന്നു.

2. സെലക്ഷൻ കമ്മിറ്റിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ ശ്രീ.സന്തോഷ് കുമാർ പി. (Flat No A 21 Alba Homes Iris Sahari Apartments Pipeline university Colony Road, Kochi, Eranakulam, Kerala, Cochin University Post, Kalamassery, Kerala 682022), -യെ പരാമർശം 1, 2, 3 എന്നീ സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥകൾക്കും ചുവടെ ചേർത്തിട്ടുള്ള വ്യവസ്ഥകൾക്കും വിധേയമായി, കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷനിൽ ജനറൽ മാനേജർ (ടെക്നിക്കൽ) തസ്തികയിൽ കരാർ അടിസ്ഥാനത്തിൽ നിയമിച്ചുകൊണ്ട് ഉത്തരവാകുന്നു.

1. നിയമന കാലാവധി അഞ്ച് വർഷത്തേയ്ക്ക് ആയിരിക്കും.

2.നിയമനകാലയളവിലെ ആദ്യ മൂന്നു മാസം നിരീക്ഷണ കാലാവധിയിൽ (Probation Period) ആയിരിക്കും .

2. ജനറൽ മാനേജർ (ടെക്നിക്കൽ) തസ്തികയിൽ 1,50,000/- (രൂപ ഒരു ലക്ഷത്തി അൻപതിനായിരം മാത്രം) ആയിരിക്കും പ്രതിമാസ മൊത്തവേതനം (Consolidated Pay).

3. ജോലിയിൽ പ്രവേശിക്കുന്നതിന് മുൻപായി, യോഗ്യതയും പ്രവൃത്തിപരിചയവും തെളിയിക്കുന്ന അസ്സൽ രേഖകൾ കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ ചെയർമാൻ &

131/2022

AO

Asst

മാനേജിംഗ് ഡയറക്ടർക്കു മുന്നിൽ ഹാജരാക്കേണ്ടതാണ്.

4.കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷനുമായി, നിയമന വ്യവസ്ഥകൾ സംബന്ധിച്ച കരാറിൽ ഏർപ്പെടേണ്ടതാണ്. പ്രസ്തുത കരാറിൽ ഏർപ്പെടുന്നതിന് ചെയർമാൻ & മാനേജിംഗ് ഡയറക്ടറെ ചുമതലപ്പെടുത്തുന്നു.

5.പ്രസ്തുത നിയമനം സ്ഥിരപ്പെടുത്തുന്നതല്ല.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ബിജു പ്രഭാകർ

സെക്രട്ടറി

ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ, തിരുവനന്തപുരം.

ശ്രീ. സന്തോഷ് കുമാർ പി., Flat No A 21 Alba Homes Iris Sahari Apartments Pipeline university Colony Road, Kochi, Eranakulam, Kerala, Cochin University Post, Kalamassery, Kerala 682022.

അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം.

വിവരപൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

(ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ / ഓഫീസ് കോപ്പി

പകർപ്പ് : ഗതാഗത വകുപ്പ് മന്ത്രിയുടെ പി.എസ്.

ഗതാഗത വകുപ്പ് സെക്രട്ടറിയുടെ പി.എ.

ഉത്തരവിൻ പ്രകാരം

Radha

സെക്ഷൻ ഓഫീസർ

Asst

AO

"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ- ജനറൽ മാനേജർ (ഫിനാൻസ് )തസ്തികയിൽ കരാർ അടിസ്ഥാനത്തിൽ നിയമനം നടത്തിക്കൊണ്ട്- ഉത്തരവ് പുറപ്പെടുവിക്കുന്നു

ഗതാഗത (എ) വകുപ്പ്

സ.ഉ.(സാധാ) നം.363/2022/TRANS തീയതി,തിരുവനന്തപുരം, 30-08-2022

പരാമർശം:-

1. G.O(Rt) No. 302/2017/TRANS dated 21.06.2017
2. G.O(Rt) No. 329/2017/TRANS dated 07.07.2017
3. G.O(Rt) No. 246/2022/TRANS dated 18.06.2022
4. കെ.എസ്.ആർ.ടി.സി. ചെയർമാൻ & മാനേജിംഗ് ഡയറക്ടറുടെ 19.07.2022ലെ 1058/GL2/2017/RTC നമ്പർ കത്ത്
5. 11.07.20220, 11.08.2022 തീയതികളിൽ ചേർന്ന സെലക്ഷൻ കമ്മിറ്റിയുടെ യോഗനടപടിക്കുറിപ്പുകൾ.

GL 16/9

ED(A)

GL10 2/9

**ഉത്തരവ്**

കെ.എസ്.ആർ.ടി.സി. ജനറൽ മാനേജർ (ഫിനാൻസ്) തസ്തികയിൽ നിലവിലെ ഒഴിവിൽ കരാർ അടിസ്ഥാനത്തിൽ നിയമനം നടത്തുന്നതിനായി അപേക്ഷ ക്ഷണിക്കുകയും ലഭ്യമായ അപേക്ഷകൾ സൂക്ഷമപരിശോധന നടത്തി നിശ്ചിത യോഗ്യത നേടിയ രണ്ട് ഉദ്യോഗാർത്ഥികളെ 11.07.20220ൽ കൂടിയ സെലക്ഷൻ കമ്മിറ്റി അഭിമുഖം നടത്തുകയും ചെയ്തിരുന്നു. അവരിൽ യോഗ്യയെന്ന് സെലക്ഷൻ കമ്മിറ്റി കണ്ടെത്തിയ ശ്രീമതി ആർ. പി. ഇന്ദുമതി ജോലിയിൽ പ്രവേശിക്കാൻ തയ്യാറല്ലെന്ന് അറിയിക്കുകയും ചെയ്തു. തുടർന്ന് സൂചന (4)-ലെ കത്ത് പ്രകാരം ജനറൽ മാനേജർ (ഫിനാൻസ്) തസ്തികയിലേക്ക് ലഭിച്ചിട്ടുള്ള അപേക്ഷകളിൽ സൂചന (3)-ലെ സർക്കാർ ഉത്തരവ് പ്രകാരമുള്ള പ്രവർത്തി പരിചയത്തിൽ 6 മാസം കുറവുള്ള ശ്രീമതി വി.കെ. ബീനാ ബീഗം-ത്തിന് പരിഗണിക്കുകയോ വീണ്ടും അപേക്ഷ ക്ഷണിക്കുന്നതിനുള്ള അനുമതി നൽകുകയോ ചെയ്യണമെന്ന് കെ എസ് ആർ ടി സി, സി എം ഡി ആവശ്യപ്പെട്ടു. ആവശ്യമായ വിദ്യാഭ്യാസ യോഗ്യത ഉള്ളതിനാൽ പ്രവർത്തി പരിചയത്തിൽ 6 മാസം ഇളവുനൽകി മുഖാമുഖത്തിനു ക്ഷണിക്കാൻ തീരുമാനിച്ചു. അതനുസരിച്ച് കെ.എസ്.ആർ.ടി.സി.യിലെ ഫിനാൻസ്, അക്കൗണ്ട്സ് എന്നിവ കൈകാര്യം ചെയ്യുന്നതിന് സീനിയർ മാനേജർ ലെവലിൽ ജനറൽ മാനേജർ (ഫിനാൻസ്) അത്യന്താപേക്ഷമായതിനാൽ ശ്രീമതി വി.കെ. ബീനാ ബീഗത്തിനെ 11.08.2022-ന് കൂടിയ സെലക്ഷൻ കമ്മിറ്റി പരിഗണിക്കുകയുണ്ടായി.

2. സെലക്ഷൻ കമ്മിറ്റിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ ശ്രീമതി വി.കെ. ബീനാ ബീഗം യെ പരാമർശം 1, 2 എന്നീ സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥകൾക്കും, പരാമർശം 3 ഉത്തരവിലെ പ്രവർത്തി പരിചയം സംബന്ധിച്ച വ്യവസ്ഥയിൽ ഇളവ് വരുത്തിയും ച്ചവടെ ചേർത്തിട്ടുള്ള വ്യവസ്ഥകൾക്കും വിധേയമായി കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷനിൽ ജനറൽ മാനേജർ (ഫിനാൻസ്) തസ്തികയിൽ കരാർ അടിസ്ഥാനത്തിൽ നിയമിച്ചുകൊണ്ട് ഉത്തരവാകുന്നു:-

6021/MD 14/9/22
185/ED(Adm) 14/9/22

AO  Asst

1. നിയമന കാലാവധി മൂന്ന് വർഷത്തേയ്ക്ക് ആയിരിക്കും.

2 . നിയമന കാലയളവിലെ ആദ്യ മൂന്ന മാസം നിരീക്ഷണ കാലാവധിയിൽ (Probation Period) ആയിരിക്കും.

3. ജനറൽ മാനേജർ (ഫിനാൻസ്) തസ്തികയിൽ 1,50,000/- (രൂപ ഒരു ലക്ഷത്തി അൻപതിനായിരം മാത്രം) ആയിരിക്കും പ്രതിമാസ മൊത്തവേതനം (Consolidated Pay).

4 . ജോലിയിൽ പ്രവേശിക്കുന്നതിന് മുൻപായി, യോഗ്യതയും പ്രവൃത്തി പരിചയവും തെളിയിക്കുന്ന അസ്സൽ രേഖകൾ കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ ചെയർമാൻ & മാനേജിംഗ് ഡയറക്ടറർക്കു മുന്നിൽ ഹാജരാക്കേണ്ടതാണ്.

5. കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷനുമായി, നിയമന വ്യവസ്ഥകൾ സംബന്ധിച്ച കരാറിൽ ഏർപ്പെടേണ്ടതാണ്. പ്രസ്തുത കരാറിൽ ഏർപ്പെടുന്നതിന് ചെയർമാൻ & മാനേജിംഗ് ഡയറക്ടറെ ചുമതലപ്പെടുത്തുന്നു.

6.പ്രസ്തുത നിയമനം സ്ഥിരപ്പെടുത്തുന്നതല്ല.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിജു പ്രഭാകർ
സെക്രട്ടറി

ചെയർമാൻ&മാനേജിംഗ്ഡയറക്ടർ,കെ.എസ്.ആർ.ടി.സി, തിരുവനന്തപുരം.

ശ്രീമതി. ബീനാ ബീഗം വി.കെ. ,PB No.35, Manadath House, Asarikadavu Road, Aluva, Ernakulam District- 683 101

ധനകാര്യ വകുപ്പ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ ( ആഡിറ്റ്), കേരള, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ ( എ & ഇ), കേരള, തിരുവനന്തപുരം.

ഇൻഫർമേഷൻ ഓഫീസർ (വെബ് &മീഡിയ) , വിവര പൊതുജന സമ്പർക്ക വകുപ്പ് (ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by Anju P K
Date: 31-08-2022 14:41:14
സെക്ഷൻ ഓഫീസർ

പകർപ്പ് - ഗതാഗത വകുപ്പ് മന്ത്രിയുടെ പി.എസ്.

ഗതാഗത വകുപ്പ് സെക്രട്ടറിയുടെ പി.എ.

S001 | CO

KERALA STATE ROAD TRANSPORT CORPORATION

Abstract

Appointment of Deputy General Manager (IT) in KSRTC on contract basis – Admitted to duty - Orders issued –

GENERAL SECTION, Transport Bhavan

No. S001/GL10/62/2024/ADM-KSRTC-HQ.

Thiruvananthapuram, Dated : Friday, 10-01-2025.

Read:- This office appointment letter of even No. dated 08-01-2025.

ORDER

Shri Nishanth S, who got appointment in KSRTC as Dy. General Manager (IT) on contract basis vide read above is admitted to duty with effect from the FN of 09-01-2025, subject to the following terms and conditions;

1. This appointment is on contract basis, initially for a period of ONE (1) YEAR from the date of joining duty. The period of contract may be reduced or extended at the sole discretion of the Kerala State Road Transport Corporation (KSRTC). He is engaged on contract basis and will not confer on him any claim as of right or otherwise for consideration for regular employment in the KSRTC.

2. During the contract period, he will be paid a consolidated pay of ₹ 1,00,000/- (Rupees One lakh only) per month.

3. During the contract period, if the party requires to leave the job he will have to give one month notice in advance or otherwise his one month Salary will be forfeited towards liability. During the tenure of the contract either party can terminate the contract with serving one month notice.

4. In addition to public holidays observed by the KSRTC, he shall also be entitled to ten (10) days Casual Leave in an year.

5. He shall observe and fulfill all the instructions, directions and orders given by the employer as well as his superiors.

6. His aptitude and interest for the job will be closely observed.

7. He shall devote his whole time and attention exclusively to the duties entrusted to him to the best of his power, ability and skill and shall not do any other work for any person or concern in any capacity, whether with or without any remuneration nor shall hold any private business.

(Contd...2)

AO

8. The party shall handover all files/documents in his custody including reports prepared by the party entrusted by Corporation to his Superiors/departmental head in softcopy / hardcopy in case of party's resignation/Termination.

9. He shall not disclose, divulge or make public or shall personally use for his gain any of the materials, processes, accounts, transactions, dealings, information etc., whether the same may be confined to him or may become known to him during the course of his / her service or otherwise.

10. He shall not seek or try to secure any other job or employment without previous written consent of the employer.

11. His initial posting will be at KSRTC Transport Bhavan. His service is transferable from one place to another either in existence or that would come into existence.

12. Other service conditions will be governed by the relevant rules and orders of the KSRTC in force from time to time as applicable for fixed term contract basis.

13. He shall submit a contract in the prescribed format in stamp paper worth ₹ 200/- (two hundred only) within three days from the date of receipt of a model contract given by the Corporation.

He will report before the Chairman & Managing Director through Executive Director in-charge of IT.

Signed by
Pramoj Sanker P S
Date: 10-01-2025 19:51:46

Chairman & Managing Director

To

Shri Nishanth S, Dy. General Manager (IT).

Copy to:- Unit / Workshop Heads,
Officers and Sections in Chief Office,
File / Stock file.

.asm/~

Asst

AO

FA CAO | EDT | EDV
KSRTC MDS OFFICE
CE | 28 JUL 2017 | ED M&W
EO | THIRUVANANTHAPURAM | DTCAO (Accounts)
CLO | Secretary To Board | Sr. Programmer | EDTS

(35)

GOVERNMENT OF KERALA

**Abstract**

Transport Department – Kerala State Road Transport Corporation – Contract appointment to the posts of General Manager, Deputy General Manager and Chartered Accountant - Selection Committee –Modified Orders issued.

---

**TRANSPORT (A) DEPARTMENT**

G.O (Rt) No: 329/2017/Tran                Dated, Thiruvananthapuram: 07.07.2017

---

Read: - G.O (Rt) No. 302/2017/Tran dated 21.06.2017.

**ORDER**

In the Government order read above, Government have constituted a Selection Committee for contract appointment to the posts of Executive Director (Administration), Executive Director (Operations), Executive Director (Technical), General Manager (Finance & Administration), General Manger (Technical) and two Chartered Accountants. Later, Government have decided to make contract appointment in three posts of Deputy General Manager such as Finance & Administration, Operations and Technical in lieu of the three Executive Directors on contract basis as stated in Government Order read above. It is also decided to post five numbers of Chartered Accountants.

2. In the circumstances, the Selection Committee constituted as per Government Order read above shall go ahead with the recruitment of the posts as noted below:

| SL No. | Post | No. of Posts | Qualification |
|---|---|---|---|
| 1. | General Manager (Finance & Administration) | 1 | MBA (Finance) from IIM or a Nationally reputed institution with post qualification experience of 15 years of which at least 5 years at a senior management level in a large |

| | | | |
|---|---|---|---|
| | | | organization. Chartered Accountants with outstanding record in large commercial organisations can also apply. |
| 2. | General Manager (Technical) | 1 | B.Tech with MBA from IIM or a Nationally reputed institution with post qualification experience of 15 years of which at least 5 years at a senior management level in a large manufacturing or transport/ logistics related organisation. |
| 3. | Deputy General Manager (Finance & Administration) | 1 | MBA (Finance) from IIM or a Nationally reputed institution with post qualification experience of 10 years at a middle management level in a large commercial or manufacturing organisation. |
| 4. | Deputy General Manager (Operations) | 1 | B.Tech with MBA from IIM or a Nationally reputed institution with post qualification experience of 10 years at a middle management level in a large manufacturing or service undertaking. |
| 5. | Deputy General Manager (Technical) | 1 | B.Tech (Mechanical/Automobile Engineering) and MBA from IIM or a Nationally reputed institution with post qualification experience of 10 years at a middle management level in a large manufacturing or commercial organisation. |
| 6. | Chartered Accountants / Cost Accountants | 5 | Member of the Institute of Chartered Accountants of India or the Institute of Cost Accountants of India with 10 years experience in a reputed organization. |

(37)

3. The Government Order read above stands modified to the above extent.

By order of the Governor
**K.R. JYOTHILAL**
Secretary to Government

To,
The Chairman & Managing Director, Kerala State Road Transport Corporation, Thiruvananthapuram
The Principal Accountant General (A&E) /Audit, Kerala, Thiruvananthapuram
The Director, Indian Institute of Management, Kozhikode
The Principal, College of Engineering, Thiruvananthapuram
The Finance Department (vide PU-A2/20/2017-fin. dated 03.05.2017)
The Information & Public Relations (Web & New Media Division) Department [for publishing in official website]

Copy to: - The P.S. to Chief Minister
The P.S to Minister (Finance)
The P.S to Minister (Transport)
The P.A to Additional Chief Secretary (Finance)
The P.A to Secretary (Information Technology)
The P.A to Secretary (Transport)
Stock file / Office copy

Forwarded/By order

**Section Officer**

AD

Asst

OLD G.O.

EDA

CMD KSRTC

# GOVERNMENT OF KERALA

## Abstract

Kerala State Road Transport Corporation - Appointment of professionals on contract basis - Re-designation of the post General Manager (Finance & Administration) as General Manager (Finance)- Qualification, experience etc.- Modified - Orders issued.

## TRANSPORT (A) DEPARTMENT

G.O.(Rt)No.295/2021/TRANS Dated,Thiruvananthapuram, 03/09/2021

Read 1 G.O.(Rt)No.302/2017/TRANS dated 21.06.2017

2 G.O.(Rt)No.329/2017/TRANS dated 07.07.2017

3 G.O.(Rt)No.50/2021/TRANS dated 02.02.2021

4 Letter No.1058/GL2/2017/RTC dated 02.08.2021 from the Chairman & Managing Director, Kerala State Road Transport Corporation

## ORDER

As per Government Orders read as 1st and 2nd paper above, the following temporary posts were sanctioned in order to professionalize the top management of Kerala State Road Transport Corporation (KSRTC), and a Selection Committee was constituted for the recruitment to the said posts:

1. General Manager (Finance & Administration) - (1 No.)
2. General Manager (Technical) - (1 No.)
3. Deputy General Manager (Finance & Administration) - (1 No.)
4. Deputy General Manager (Operations) - (1 No.)
5. Deputy General Manager (Technical) - (1 No.)
6. Chartered Accountant / Cost Accountant - (5 No.)

**2.** Later, as per Government Order read as 3rd paper above, the post of Deputy General Manager (Technical) was re-designated as Deputy General Manager (Marketing & Logistics) and that of Deputy General Manager (Finance & Administration) as Deputy General Manager (IT). Also the qualification and experience of the posts of General Manager (Technical), Deputy General Manager (IT) and Deputy General Manager (Marketing &

P(A) 468 8/9/21

4231 CMM 7/9/21

9/9

AD Asst

Logistics) were modified / fixed as per the above order.

**3.** The Chairman & Managing Director, KSRTC, as per the letter read as 4th paper above, has requested to re-designate the post of General Manager (Finance & Administration) in KSRTC as General Manager (Finance), since an Additional Secretary to Government from the Administrative Secretariat has been posted as Executive Director (Administration), who is to report directly to the Chairman & Managing Director, KSRTC. It is also proposed for certain changes in qualification and experience of the post since the qualifications prescribed are very high for a loss making corporation.

**4.** Government have examined the matter in detail and are pleased to re-designate the post of General Manager (Finance & Administration) in KSRTC as General Manager (Finance). Also the qualification & experience, age limit and method of appointment of the re-designated post of General Manager (Finance) are modified as follows:

| | |
|---|---|
| Qualification & Experience | MBA (Finance) full time regular course from institutions with AICTE recognition or CA (Final Pass) or CMA/ICWA with post qualification experience of 15 years of which at least 5 years at a senior management level in a large organization. |
| Age limit | 50 years |
| Method of appointment | 1. By deputation from Central Government / State Government / Public Sector Undertakings. Or<br>2. On contract basis |

**5.** This contract appointment to the post of General Manager (Finance) is subjected to following conditions:

- The appointment is for a period of 3 years, extendable by 2 more years based on performance. The period of appointment is strictly limited for a maximum of five years. These appointments will not be regularized under any circumstances. No preference will be given to these appointees, for any appointments to permanent / temporary vacancies in KSRTC that may arise in future.
- The consolidated pay fixed will remain unchanged. These appointees are also not eligible for any other benefits (other than mentioned above), applicable for the permanent employees of KSRTC.

- The appointees must execute a contract with KSRTC regarding the terms and conditions of appointment. The Chairman & Managing Director, KSRTC is authorized to execute the contract and to be ratified by the Government later.

6. The Government Orders read as 1$^{st}$, 2$^{nd}$ and 3$^{rd}$ papers above stands modified to the above extent.

(By order of the Governor)
Biju Prabhakar
Secretary

The Chairman & Managing Director, Kerala State Road Transport Corporation, Thiruvananthapuram
The Accountant General (Audit / A&E), Kerala, Thiruvananthapuram
The Director, Indian Institute of Management, Kozhikode
The Principal, College of Engineering, Thiruvananthapuram
The Finance (PU-A) Department
The Information & Public Relations (Web & New Media) Department
(for publishing in official website)
Stock File / Office Copy
Copy to: PS to Minister (Transport)
Under Secretary to Additional Chief Secretary, Finance Department
PA to Principal Secretary (Transport)
PA to Secretary (Transport)

Forwarded /By order

Radha

Section Officer

A